# കോഴിക്കോട് ജില്ലയിൽ നടമ്മൽകടവ് പാലത്തിന് അനുബന്ധ റോഡ് നിർമ്മാണം- ഭൂമി ഏറ്റെടുക്കൽ- സാമൂഹ്യ ആഘാത പഠനം - അന്തിമ റിപ്പോർട്ട്



തയ്യാറാക്കി സമർപ്പിക്കുന്നത്

കണ്ണൂർ
25.01.2020

ചെയർമാൻ
സാമൂഹ്യ ആഘാത പഠന യൂണിറ്റ്
(കയ്റോസ്-കണ്ണൂർ)

# കോഴിക്കോട് ജില്ലയിൽ നടമ്മൽകടവ് പാലത്തിന് അനുബന്ധ റോഡ് നിർമ്മാണം- ഭൂമി ഏറ്റെടുക്കൽ- സാമൂഹ്യ ആഘാത പഠനം - അന്തിമ റിപ്പോർട്ട്

കോഴിക്കോട് ജില്ലയിൽ, താമരശ്ശേരി താലൂക്കിലെ പൂത്തൂർ വില്ലേജിൽപ്പെട്ട നടമ്മൽക്കടവിൽ ചെറുപുഴയ്ക്ക് കുറുകെ റോഡ് പാലം നിർമ്മിച്ച് ഗതാഗത യോഗ്യമാക്കുന്നതിന് പൂത്തൂർ വില്ലേജിലെ നടമ്മൽപൊയിൽ, നടമ്മൽകടവ് എന്നീ ഭാഗങ്ങളിലെ സ്വകാര്യ വ്യക്തികളുടെ ഭൂമി 2013ല ലെ RFCTLARR Act പ്രകാരം ഏറ്റെടുക്കുന്നതിനോടനുബന്ധിച്ച് സാമൂഹ്യആഘാത പഠനം നടത്തുന്നതിനായി ചുമതലപ്പെട്ട് കയ്റോസ്- കണ്ണൂർ, സാമൂഹ്യആഘാത പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അന്തിമ രൂപം.

ആമുഖം

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുൻസിപ്പാലിറ്റിയിൽപ്പെടുന്ന നടമ്മൽകടവിനെയും ഓമശ്ശേരി ഗ്രാമപഞ്ചായത്തിലെ നടമ്മൽപൊയിലിനെയും ബന്ധിപ്പിക്കുന്നതിന് ചെറുപുഴയ്ക്ക് കുറുകെ റോഡ് പാലം വേണമെന്നത് ഇരുകരകളിലെയും നാട്ടുകാരുടെ ചിരകാല അഭിലാഷമാണ്. കൊടുവള്ളി മുൻസിപ്പൽ പ്രദേശത്ത് ഹയർസെക്കണ്ടറി സ്കൂൾ, സർവ്വീസ് സഹകരണ ബാങ്ക്, ഫെഡറൽ ബാങ്ക്, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കെ. എം. ഒ ആർട്സ് ആന്റ് സയൻസ് കോളേജ്, എം. പി. സി ആശുപത്രി അടക്കം ഒരു ഡസനിലേറെ  പൊതു/ സ്വകാര്യ സ്ഥാപനങ്ങൾ ഉണ്ട്. വ്യാപാരാവശ്യങ്ങൾക്കും,  ചികിത്സയ്ക്കും മറ്റുമായി നിരവധിപേർ ഈ കടവ് കടന്ന് കൊടുവള്ളി മേഖലയിലേക്ക് പോകുന്നുണ്ട്. കടത്ത് തോണിയിലൂടെയും പുഴയിലൂടെ നടന്നുമാണ് ഇപ്പോൾ നാട്ടുകാർ മറുകരയിലേക്ക് പോകുന്നത്. ബ്രിട്ടീഷ്കാരുടെ കാലത്ത് തന്നെ പഴയ കൊടുവള്ളി ഗ്രാമ പഞ്ചായത്തിലും ഓമശ്ശേരി ഗ്രാമ പഞ്ചായത്തിലുമായി പുഴക്കരയിലേക്ക് 10 മീറ്റർ വീതിയിൽ റോഡ് ഉണ്ടാക്കിയതായി പറയപ്പെടുന്നു. നിലവിൽ ഇത് പി. ഡബ്ല്യു. ഡി യുടെ അധീനതയിലാണ്. രണ്ട് ഭാഗത്തെയും റോഡുകൾ ചെറുപുഴയുടെ ഇരുകരകളിലായി അവസാനിക്കുന്നു. ഇവിടെ പുഴയ്ക്ക് കുറുകെ പാലം നിർമ്മിക്കപ്പെട്ടാൽ  മാത്രമേ ഈ റോഡുകളെ പൂർണ്ണമായും ഉപയോഗപ്രദമാക്കാൻ പറ്റുകയുള്ളൂ. നാട്ടുകാരുടെ ആവശ്യത്തിന്റെ ഗൗരവം മനസ്സിലാക്കി 17.02.2011 ലെ GO.(Rt) No.269/2011 ലെ സർക്കാർ ഉത്തരവ് പ്രകാരം 840 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകപ്പെടുകയും 10.03.2011 ൽ 770 ലക്ഷം രൂപയ്ക്ക് സാങ്കേതിക അനുമതി ലഭ്യമാവുകയും ചെയ്തു. തുടർന്ന് 13.06.2011 ന് പ്രവൃത്തിക്ക് ടെൻഡർ ക്ഷണിക്കുകയും 05.11.2011 ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ഇരുപത്തിനാല് മാസത്തിനുള്ളിൽ പണി പൂർത്തിയാക്കണമെന്ന നിബന്ധനയോടെ പ്രവൃത്തി ഉത്തരവ് നൽകുകയും ചെയ്തു. 02.03.2009 ലെ GO.(Rt) No. 378/2009 പ്രകാരം ഭൂമി ഏറ്റെടുക്കലിനായി അമ്പത് ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും ചെയ്തിരുന്നു. 'വെൽ ഫൗണ്ടേഷൻ' അടിത്തറയ്ക്ക് മുകളിൽ കോൺക്രീറ്റ് തൂണും 'T' ബീം സ്ലാബുകളോടുകൂടിയ ഈ പാലത്തിന്റെ നീളം 22.32 മീറ്ററും രണ്ട് ഭാഗത്തും നടപ്പാതയോടുകൂടിയ പാലത്തിന്റെ വീതി 11.05. മീറ്ററും ആയിരിക്കും. ആകെ അഞ്ച് സ്പാനോടുകൂടിയതായാണ് നിർമ്മിതി എന്ന് അറിയാൻ കഴിഞ്ഞു.

ആരംഭഘട്ടത്തിൽ തന്നെ നടമ്മൽപൊയിൽ ഭാഗത്ത് റീ.സ. 45/2 ൽ 0.0116 ഹെക്ടറും നടമ്മൽകടവ് ഭാഗത്ത് റീ. സ. 92/2 ൽ 0.0169 ഹെക്ടർ സ്ഥലവും ഏറ്റെടുക്കപ്പെട്ടു കഴിഞ്ഞതാണ്. ആദ്യഘട്ടത്തിൽ സമ്മതപത്രം നൽകിയവരുടെ ഭൂമിയാണ് ഏറ്റെടുക്കപ്പെട്ടത്. 2011 ൽ തന്നെ ടെൻഡർ നൽകിയിരുന്നെങ്കിലും പല സാങ്കേതിക കാരണങ്ങളാൽ പണി ഇതുവരെയായും ആരംഭിച്ചിട്ടില്ല. അതിനാൽ തന്നെ ഈ പ്രദേശത്തുകാരുടെ കാത്തിരുപ്പിന് ഇനിയും അവസാനമായിട്ടില്ല. ഈ പാലം പണി പൂർത്തിയായൽ നടമ്മൽപൊയിൽ, നടമ്മൽകടവ് തുടങ്ങിയ ഉൽനാടൻ പ്രദേശത്തിന്റെ വികസനം ത്വരിതഗതിയിലാവുകയും ഇരു കരകളിലെയും നാട്ടുകാർക്ക് മേൽ സൂചിപ്പിച്ച രീതിയിലുള്ള വിവിധ സ്ഥാപനങ്ങളിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയും.

ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ വിവരം

നടമ്മൽക്കടവിൽ ചെറുപുഴയുടെ ഇരുകരകളെ ബന്ധിപ്പിക്കുന്നതിനുള്ള പുതിയ പാലം നിർമ്മിച്ച് ഗതാഗതം ആരംഭിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിൽ പുത്തൂർ അംശത്തിൽ കെടയത്തൂർ ദേശത്തിലെ വ്യത്യസ്ത സർവ്വേ നമ്പറുകളിലായി 0.2711 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കപ്പെടേണ്ടിയിരിക്കുന്നത്. ഇത് സംബന്ധിച്ച വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു

| ക്രമ നമ്പർ | സർവ്വെ നമ്പർ | വിസ്തീർണ്ണം (ഹെക്ടറിൽ) | പ്രദേശം |
|---|---|---|---|
| 1 | 44 | 0.0301 | നടമ്മൽപൊയിൽ ഭാഗം |
| 2 | 45 | 0.0600 | |
| 3 | 92 | 0.0635 | |
| 4 | 101 | 0.0439 | നടമ്മൽകടവ് ഭാഗം |
| 5 | 25 | 0.0736 | |

പകരം ഭൂമി ലഭ്യത

താമരശ്ശേരി താലൂക്കിലെ പൂത്തൂർ വില്ലേജിൽലെ നടമ്മൽകടവിനെയും നടമ്മൽപൊയിലിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് ചെറുപുഴയ്ക്ക് കുറുകെ ഒരു പാലം നിർമ്മിക്കുന്നതിനോടൊപ്പം ആ പാലത്തിലെ ഇരുകരകളുമായി ബന്ധിപ്പിക്കുനന്തിന് സമീപന റോഡുകൾ നിർമ്മിക്കുവാനായാണ് ഇവിടെ ഭൂമി ഏറ്റെടുക്കുനന്ത്. ഈ പുഴയുടെ സമീപത്തേക്ക് ഇരുകരകളിലുമായി ബ്രിട്ടീഷ് ഭരണ കാലത്തിൽ തന്നെ സാമാന്യം വീതിയുള്ള റോഡ് നിർമ്മിക്കപ്പെട്ടിരുന്നു. ഈ റോഡ് വീതി കൂട്ടി പുതിയ പാലത്തിനുള്ള സമീപന റോഡ് നിർമ്മിക്കാനാണ് ഭൂമി ഏറ്റെടുക്കുന്നത് . അതിനാൽ തന്നെ നിലവിലുള്ള പഴയ റോഡിന്റെ ഇരു വശത്തുമുള്ള ഭൂമി ഏറ്റെടുത്താൽ മാത്രമേ ഉദ്ദേശ്യ ലക്ഷ്യമ പൂർണ്ണമാകൂ. അതിനാൽ തന്നെ പകരം ഭൂമി എന്നത് പ്രസക്തമല്ല.

ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനാണോ

പുത്തൂർ വില്ലേജിലെ നടമ്മൽക്കടവ് പാലത്തിന് അനുബന്ധ റോഡ് നിർമ്മിക്കുന്നതിനാണ് മേൽ അംശത്തിലെ 0.2711 ഹെക്ടർ സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ഈ സ്ഥലം ഏറ്റെടുത്ത് നൽകണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത്, സർക്കാരിന്റെ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും അതിനാവശ്യമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ടെൻഡർ ക്ഷണിച്ച് പ്രവൃത്തി നടപ്പിലാക്കുകയും ചെയ്യുന്ന പൊതുമരാമത്ത് വകുപ്പിന്റെ റോഡ് വിഭാഗം

എക്സി. എഞ്ചിനീയർ കോഴിക്കോട് ആണ്. ഇത് പൂർണ്ണമായും സർക്കാർ വകുപ്പാണ്. ഇവർക്കായി ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നത് ജില്ലാ കളക്ടർ കോഴിക്കോടാണ്. അതായത് അർത്ഥനാധികാരിയും അർത്ഥനാധികാരിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് നേതൃത്വം നൽകുന്നതും സർക്കാരിന്റെ രണ്ട് ജില്ലാ മേധാവികളാണ്. ഇവിടെ പാലം നിർമ്മിക്കുന്നതും ഗതാഗതത്തിനായി സമീപന റോഡുകൾ നിർമ്മിക്കപ്പെടുന്നതും പുത്തൂർ അംശം കൊടിയത്തൂർ ദേശത്തിലെ നടമ്മൽപൊയിൽ, നടമ്മൽകടവ് എന്നീ പ്രദേശത്തുകാർക്ക് പ്രത്യക്ഷമായും, കൊടുവള്ളി മുൻസിപ്പാലിറ്റി, പുത്തൂർ പഞ്ചായത്ത് എന്നിവിടങ്ങളിലെ ജനസമൂഹത്തിന് പരോക്ഷമായും ഗുണപ്രദമാകുന്നതിനാണ്. മൊത്തമായി നോക്കുകയാണെങ്കിൽ ഈ സ്ഥലം ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിന് തന്നെയാണ്.

ഭൂമിയുടെ സ്വഭാവം

പുത്തൂർ അംശത്തിൽ കെടയത്തൂർ ദേശത്തിൽപ്പെടുന്ന 0.2711 ഹെക്ടർ സ്ഥലം ചെറുപുഴയുടെ ഇരുകരകളിലാണെങ്കിലും ഇത് മുഴുവനും തോട്ടം വിഭാഗത്തിൽപ്പെടുന്നു. പൊതുവെ പുഴയുടെ നിരപ്പിൽ നിന്നും ഉയർന്ന് കിടക്കുന്ന സ്ഥലമാണ്. നടമ്മൽപൊയിൽ, നടമ്മൽകടവ് ഭാഗങ്ങളിൽ നിലവിലുള്ള മണ്ണ് റോഡിന്റെ ഇരുഭാഗത്തും ഉയർന്ന പറമ്പാണ്. ഇവിടെ ഏറെ വർഷങ്ങൾക്ക് മുൻപേ തന്നെ പുഴയിലേക്ക് ഇറങ്ങുന്ന തരത്തിൽ നല്ല വീതിയുള്ള റോഡുണ്ടായിരുന്നു. നടമ്മൽപൊയിൽ ഭാഗത്ത് ഒരു കുടുംബത്തിലെ സഹോദരൻമാരുടെ ഭൂമിയാണ്. എന്നാൽ നടമ്മൽകടവ് ഭാഗത്ത് ഇരു വശത്തുമായി നാല് കുടുംബങ്ങൾ താമസിക്കുന്നു. കൂടാതെ ഒരു നിസ്ക്കാര പള്ളിയുമുണ്ട്. ഇവിടുത്തെ ഭൂമിയിൽ പുഴ പുറമ്പോക്കും ഉണ്ടാകാനിടയുണ്ട്.

ഭൂമിയുടെ ഉടമസ്ഥർ

| ക്രമ നമ്പർ | പേര് | വിസ്തീർണ്ണം (ഹെക്ടറിൽ) | സ്വഭാവം |
|---|---|---|---|
| 1 | അബ്ദുൾമജീദ് വി.എ, | 0.031 | തോട്ടം |
| 2 | നാസർ കുമ്പങ്കോട്ട്, | | |
| 3 | യൂസഫ് മുസലിയാർ | 0.0600 | തോട്ടം |
| 4 | അബ്ദുൾറഹ്മാൻ | | |
| 5 | ഹുസൈൻ | | |
| 6 | ഫാത്തിമ | | |
| 7 | ഖാദർ ഹാജി | 0.0635 | തോട്ടം |
| 8 | വി. കെ ഇബ്രാഹിം | | |
| 9 | അബൂബക്കർ | | |
| 10 | ഖദീജ മുതൽപേർ | | |
| 11 | അഹമ്മദ് പുഴങ്കര | | |
| 12 | അലി ഹൈദർ | 0.0439 | തോട്ടം |
| 13 | അബ്ദുള്ളക്കുട്ടി | | |
| 14 | ഇബ്രാഹിം കുട്ടി | | |
| 15 | അബ്ദുൾ റസാഖ് | | |
| 16 | ഖദീജ | | |
| 17 | സൈബബ | | |
| 18 | അലി ഹൈദർ | | |
| 19 | അബ്ദുള്ളക്കുട്ടി | | |

| | | | |
|---|---|---|---|
| 20 | അബൂബക്കർ | 0.0736 | തോട്ടം |
| 21 | ആമിനക്കുട്ടി | | |
| | **ആകെ** | **0.2711** | |

ഈ ഭൂമി നേരത്തെ സൂചിപ്പിച്ചതു പോലെ പുഴയുടെ ഇരുഭാഗത്തുമായി പഴയ റോഡിന്റെ രണ്ട് വശങ്ങളിലുമായി സ്ഥിതി ചെയ്യുന്നു.

കൃഷികൾ

നടമ്മൽക്കടവ് പാലത്തിന്റെ സമീപന റോഡുകൾക്കായി ചെറുപുഴയുടെ ഇരുവശത്തുമായി ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന ഭൂമി വീട്ടു പറമ്പിന്റെ  ഭാഗമാണ്. ഇത് ഒരു കൃഷി ഭൂമിയായി കണക്കാക്കാനാകില്ല. സാധാരണ വീട്ടു പറമ്പുകളിൽ ഉള്ളതുപോലെ ഓരോ വ്യക്തിയുടെയും കൈവശ സ്ഥലത്ത് ഒന്നോ, രണ്ടോ തെങ്ങുകളോ, കവുങ്ങുകളോ പോലുള്ള ഫവവൃക്ഷങ്ങളും, പടുമരങ്ങളും മാത്രമാണുള്ളത്.

**<u>സ്ഥാപനങ്ങൾ</u>**

നടമ്മൽപൊയിൽ ഭാഗത്ത് ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥാപനത്തിന്റെ നിർവ്വചനത്തിൽപ്പെടുന്നവയൊന്നും ഇല്ല. എന്നാൽ ശ്രീ അബ്ദുൾ റസാഖിന്റെ കുടുംബത്തിന്റെ പറമ്പിൽ പഴയ ഒരു കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾക്ക് സമീപത്തായി കുടിവെള്ള സ്രോതസ്സായ ഒരു കിണർ ഉണ്ട്. അതുപോലെ നടമ്മൽകടവ് ഭാഗത്ത് ഒരു നിസ്കാരപള്ളിയുണ്ട്. ആദ്യഘട്ടത്തിൽ നിസ്ക്കാര പള്ളിയുടെ മുൻഭാഗം ഏറ്റെടുത്ത് നഷ്ടപരിഹാരം നൽകിയതാണെങ്കിലും, ഇപ്പോൾ പള്ളിയുടെ ഏകദേശം ഒന്നര മീറ്റർ ഉള്ളിലായിട്ടാണ് അതിർത്തി അടയാളപ്പെടുത്തിയിരിക്കുന്നത്

**<u>സാമൂഹ്യ ആഘാത പഠന യൂണിറ്റിന്റെ ഘടന</u>**

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിൽ പുത്തൂർ അംശം കെടയത്തൂർ ദേശത്തിൽപ്പെട്ട 0.2711 ഹെക്ടർ സ്ഥലം നടമ്മൽകടവ് പാലവും സമീപന റോഡുകളും നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കേ  തിലേക്ക് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി സാഹൂഹ്യ ആഘാതങ്ങളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കണ്ണൂർ  ബർണ്ണശ്ശേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന Track A NGO ആയ കയ്റോസിനെ (Kannur Association for Integrated Rural Organization and Support) ആണ് 22.12.2019 ലെ DCKKD 3965/2017/ബി4 നമ്പർ നടപടി ക്രമപ്രകാരം  കോഴിക്കോട് ജില്ലാ കളക്ടറർ ചുമതലപ്പെടുത്തിയിരിക്കുന്നത്.  ഇത് സംബന്ധിച്ച ഔദ്യോഗിക വിജ്ഞാപനം 24.10.2019 ലെ 2509-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടു   ്. പഠന യൂണിറ്റിന്റെ ഘടന താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പദവി |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീ. ഷൈജു പീറ്റർ (സോഷ്യോളജിസ്റ്റ്) | ചെയർമാൻ |
| 2 | ശ്രീ.കെ വി ചന്ദ്രൻ (റിട്ട.ഫിഷറി ഡവ. ഓഫീസർ) | അംഗം |
| 3 | ശ്രമതി. ജെസി റെജി (ഡി. റ്റി. പി ഓപ്പറേറ്റർ) | അംഗം |
| 4 | ശ്രീ. വിനോദ് | ഓഫീസ് അസിസ്റ്റന്റ് |

<u>പഠനോപാധികൾ</u>

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ പുത്തൂർ വില്ലേജിൽപ്പെട്ട റീ. സ. 44,45,92,101,25 എന്നീ നമ്പറുകളിൽപ്പെട്ട 0.2711 ഹെക്ടർ സ്ഥലം നിർദ്ദിഷ്ട നടമ്മൽകടവ് പാലത്തിനുള്ള സമീപന റോഡുകൾ നിർമ്മിക്കപ്പെടുന്നതിനായി ചെറുപുഴയുടെ ഇരുവശത്തുമായി സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കേണ്ടതിലേക്ക് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് ഇവിടെ പ്രധാനമായും Beneficiary Assesment, Participatory Observation, Stakeholder Analisis തുടങ്ങിയ ഉപാധിക ളാണ്  ഉപയോഗിച്ചിട്ടുള്ളത്. സ്ഥലമുടമകളുമായും പാലത്തിന് വേണ്ടി പ്രവർത്തിക്കുന്ന കമ്മിറ്റി അംഗ ങ്ങളുമായും ചർച്ചകൾ നടത്താൻ സാധിച്ചിട്ടുണ്ട്. നിർമ്മിക്കാനിരിക്കുന്ന പാലത്തിന്റെ ഉയരത്തെയും വീതിയെയും കുറിച്ചും റോഡിന്റെ വീതിയെക്കുറിച്ചും ഭൂഉടമകൾക്ക് യാതൊരു വ്യക്തതയുമില്ല. നട മ്മൽക്കടവ് ഭാഗത്ത്, ആദ്യഘട്ടത്തിൽ ഭൂമി ഏറ്റെടുത്ത് നഷ്ടപരിഹാരം നൽകിയതായി അറിയാൻ സാധിച്ചു. പലപ്പോഴായി അലൈൻമെന്റിൽ മാറ്റം വരുത്തുന്നു എന്നും അടയാളപ്പെടുത്തിയ കുറ്റികൾ പലപ്പോഴായി മാറ്റുന്നതായി അഭിപ്രായം ഉയർന്നിരുന്നു.

<u>പൊതു അവകാശവാദം കേൾക്കൽ</u>

കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിൽ നടമ്മൽക്കടവ് പാലം നിർമ്മാണത്തോടനുബന്ധിച്ച് സമീപന റോഡുകൾ നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനായി ഉടമകളുടെ പൊതു അവകാശ വാദ യോഗം 07.12.2019 ന് ജി.എം.എൽ.പി സ്കൂൾ കെടയത്തൂരിൽ വെച്ച് നടന്നു. യോഗത്തിന്റെ ഹാജരും നിർദ്ദേശങ്ങളും താഴെ കാണിച്ചിരിക്കുന്നു.

സാമൂഹ്യ ആഘാത പഠന യൂണിറ്റ് അംഗം ശ്രീ. കെ.വി ചന്ദ്രൻ യോഗത്തിൽ സ്വാഗതം ആശംസിച്ച് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ചും പുഴയുടെ ഇരുവശത്തുമുള്ള  സ്ഥലത്തെ ഭൂമി ഏറ്റെടുക്കു ന്നതിനെക്കുറിച്ചും വിശദീകരിച്ചു.

1. യൂസഫ് മുസലിയാർ-(പാലത്തിനുവേ ി ആദ്യം എതിർപ്പില്ലാതെ സമ്മതപത്രം നൽകിയ വ്യക്തി). ആദ്യം രേഖ നൽകി അളന്നു. അഞ്ച് കൊല്ലം മുൻപ് ആവശ്യമുള്ള സ്ഥലം എടുത്ത് നഷ്ടപരിഹാരം ലഭിച്ചു. (അരസെന്റിൽ കുറച്ചധികം). ഒരു കൊല്ലം മുൻപ് ഉടമയോട് അന്വേഷി ക്കാതെ, വിവരം അറിയിക്കാതെ വന്ന് മറ്റൊരു സർവ്വേ കല്ല് സ്ഥാപിച്ചു. ആദ്യത്തേതിൽ ഒരു മീറ്റർ ഉള്ളിൽ. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് അന്വേഷിച്ചു. ആരും വ്യക്തമായ മറുപടി നൽകിയില്ല. ഞാൻ എന്ത് ചെയ്യണം. അധികരിച്ച തുക നൽകുന്നെങ്കിൽ എനിക്കും ലഭി ക്കണം
2. അബ്ദുൾ  റസാഖ് തെക്കേനടമ്മൽ- മുൻപ് കൊടുവള്ളി, ഓമശ്ശേരി എന്നിവ പഞ്ചായ ത്തായിരുന്നു. ഇപ്പോൾ കൊടുവള്ളി മുൻസിപ്പാലിറ്റി ആണ്. ഈ വിഷയത്തിന് 15 വർഷത്തെ പഴക്കമു ്. (2 എം.എൽ.എ മാരുടെ 10 വർഷവും ഇപ്പോഴത്തെ എം.എൽ.എ യുടെ 3  വർഷം

മുൻ .എം.എൽ.എ യുടെ 2 വർഷം) ഓമശ്ശേരി പഞ്ചായത്ത് ഭാഗങ്ങളിലെ മുഴുവൻ ഉടമകളെയും പ്രതിനിധീകരിക്കുന്നു.
അടിവാരം മുതൽ ചാലിയാർ വരെ ചെറുപുഴയിൽ പത്തിലേറെ പാലങ്ങളുമു ്. ഹൈവേ കടന്നു പോകുന്ന മാനിപുരംപാലം (തുഷാരഗിരി-കാപ്പാട് റോഡ്) കൂടത്തായി പാലം (എടവണ്ണ -കൊയിലാ ി റോഡ്). എന്നിവയ്ക്ക് ഒന്നുമില്ലാത്ത വീതിയും റോഡിന്റെ വീതിയും ഇവിടെ വരുന്നു. ഒരു കുടുംബത്തിന്റെ മാത്രം സ്വത്താണ് ഈ ഭാഗത്ത് പോകുന്നത്. നൂറിൽ അധിക വർഷമായി കൈവശമുള്ള പാരമ്പര്യ സ്വത്ത്. പതിറ്റാ ായി ഉപയോഗിക്കുന്ന കുടിവെള്ള സ്രോതസ്സ് (കിണർ) ഈ സ്ഥലത്താണ്. ഊടുവഴി അടക്കം 24 മീറ്റർ വേണമെന്ന് പറഞ്ഞു.ഞങ്ങൾ വിയോജിക്കുന്നു. 20 സെന്റ് പോകും. പാലത്തിന്റെ ഉയരം എത്രയെന്ന് ഇതുവരെ വ്യക്തമാക്കിയിട്ടില്ല. വീട്ടുകിണറും പോകും. അതിനാൽ വീതി ചുരുക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. നിലവിലുള്ള ഊടുവഴി കഴിഞ്ഞ് ഇരുഭാഗത്തും 3 മീറ്റർ സ്ഥലം വിട്ടു നൽകാമെന്ന് പി. ടി.എ റഹിം എം. എൽ. എ യുടെ വീട്ടിൽ നടന്ന യോഗത്തിൽ അറിയിച്ചിരുന്നു. എ.എക്സ്.ഇ അടക്കം വന്നിരുന്നു. തീരുമാനമാകാതെ പിരിഞ്ഞു. ര ് യോഗമേ വിളിച്ചിരുന്നുള്ളൂ. ഇത് മൂന്നാമത്തെ യോഗമാണ്. നഷ്ടപ്പെടുന്ന ഭൂമിക്ക് അർഹമായ വിലയോ പകരം ഭൂമിയോ നൽകണമെന്ന് ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിരുന്നു. പിന്നീട് ഇരുപത് മീറ്ററിലേക്ക് വന്നു. അത് ഇപ്പോൾ പന്ത്ര ിൽ അവസാനിച്ചു. പാലത്തിന്റ അളവിൽ മാറ്റം വന്നിട്ടില്ല. (പാലത്തിന്റെ ഉയരം, വീതി, നീളം വ്യക്തമല്ല.ഇപ്പോൾനടമ്മൽപൊയിൽ അങ്ങാടിയിൽ ര ാൾ പൊക്കത്തിൽ വെള്ളം വന്നിരുന്നു. ര ് മൂന്ന് വർഷമായി ഇത് തുടരുന്നു. പുഴയ്ക്ക് കുറുകെ കൂടുതൽ തടയണകളും, നിലവിലുള്ള പത്തിലേറെ പാലത്തിന്റെ തൂണുകളും ഒഴുക്കിനെ തടയുന്നു. അതിനാൽ വെള്ളപ്പൊക്കം വരും. സമീപന റോഡ് എവിടെ അവസാനിക്കും എന്നറിയില്ല. നഷ്ടപ്പെടുന്ന കുടിവെള്ള സ്രോതസ്സിനു ാകുന്ന ആഘാതം എങ്ങനെ പരിഹരിക്കും എന്നറിയില്ല. മാനിപുരം ഹൈവേയിൽ ഗതാഗത തടസ്സം ഉ ാവുകയാണെങ്കിൽ, മുക്കിലങ്ങാടി മുതൽ(പാമ്പുങ്ങൽ കടവ്) ഓമശ്ശേരി പഞ്ചായത്തിലെ നാഗാളിക്കാവ് വരെ പുതിയ റോഡ് (വീതിയുള്ളത്) വരുമെന്ന് അറിയുന്നു. ഈ റോഡിൽ പുതിയ കൾവർട്ട് നിർമ്മിക്കപ്പെട്ടു. (6.30 മീറ്റർ-8മീറ്റർ വരെ). ഈ റോഡ് വീതി കൂട്ടാൻ സ്ഥലമെടുക്കുമ്പോൾ ആരുടെയും സമ്മതം വാങ്ങിയതായി അറിയില്ല. 8 മീറ്ററിൽ കൂടുതൽ ഈ റോഡ് വർദ്ധിക്കില്ല. ഇത് മുക്കം, ആർ.ഇ. സി, എയർപോർട്ട് ഭാഗത്തേക്കാണ്. പ്ലാൻ, എസ്റ്റിമേറ്റ്, അലൈൻമെന്റ് എന്നിവയിലാണ് പ്രശ്നം. ഭൂമി വിട്ടുകൊടുക്കാൻ ഉടമസ്ഥർ തയ്യാറാണ്. (12 മീറ്റർ വീതിയിൽ റോഡും പാലവും, 8 മീറ്റർ വീതിയിൽ കൾവർട്ടും ആണെങ്കിൽ പ്രയാസമില്ല)

പറമ്പിലുള്ള മരങ്ങളുടെ കണക്ക് ഞങ്ങളുടെ സാന്നിദ്ധ്യത്തിൽ എടുത്തിട്ടില്ല. എഴുപത്തിയെട്ട് ശതമാനം പേർ ഭൂമി വിട്ടു നൽകിയിട്ടില്ല. നിയമപരമായ പരിരക്ഷ ലഭിക്കുമെന്ന് കരുതുന്നു. വിവരാവകാശ നിയമപ്രകാരം ഞങ്ങൾക്ക് പ്ലാൻ ലഭിച്ചിരുന്നു. അന്നത്തെ കമ്മറ്റി അവതരിപ്പിച്ചപ്പോൾ മറ്റൊരു പ്ലാൻ ആയിരുന്നു. ഇതുവഴി ഞങ്ങളെ ഭയപ്പെടുത്തുന്നതായി സംശയിക്കുന്നു. മാന്യമായ വില ലഭിക്കണം, ഓമശ്ശേരി ഭാഗത്തെ മുഴുവൻ ഭൂവുടമകൾക്കും ഇത് ലഭിക്കണം. പാലത്തിന് എതിരല്ല. നഷ്ടപ്പെടുന്ന ഭൂമിക്ക് പകരം ഭൂമി ലഭിക്കണം

3. അബൂബക്കർ സിദ്ധിക്ക് - ഈ പാലം കൊ ് ഏറ്റവും ഗുണം ലഭിക്കുന്ന വ്യക്തി ഞാനാണ്. ഞാൻ പാലത്തിന് എതിരാണ് എന്നാണ് പ്രചരണം. അതിനാൽ ഞാൻ ഒപ്പിട്ടു നൽകാൻ തയ്യാറാണ്. മാർക്കിംഗ് പലതവണ മാറിക്കൊ ിരിക്കുന്നു. ഇപ്പോൾ എന്റെ സ്ഥലം മാത്രം പോകുന്ന തരത്തിലായി. കഴിഞ്ഞ ആറ് മാസം കൊ ് നടന്നതാണ്. നിലവിൽ മാർക്ക് ചെയ്തതിനേക്കാൾ അഞ്ചര മീറ്റർ അധികം പറമ്പിലേക്ക് അടയാളപ്പെടുത്തി. (മൊത്തത്തിൽ ഏകദേശം 9 മീറ്റർ). എന്റെ സ്ഥലത്ത് കൂടുതൽ അടയാളപ്പെടുത്തിയപ്പോൾ എതിർഭാഗത്ത്(വടക്ക്) അതിനനുസരിച്ച് കൂട്ടിയിട്ടില്ല. ഇതിന് വ്യക്തത വേണം. റോഡും പാലവും തമ്മിൽ വലിയ വളവ് കാണാം. അവ്യക്തത നീക്കിത്തരണമെന്ന് എം. എൽ.എ യോടടക്കം പറഞ്ഞിരുന്നു. കത്തും

കൊടുത്തിട്ടു ്. തുടർന്ന് കളക്ടറുടെ ചേംബറിൽ യോഗം നടത്തുമ്പോൾ വിളിക്കാമെന്ന് പറഞ്ഞിരുന്നു. എന്നാൽ അതിന് ശേഷം ഇക്കാര്യത്തെക്കുറിച്ച് ഒരു വിവരവും ഇല്ല.

4. വൈസ്.പ്രസിഡ ്– നിസ്ക്കാരപ്പള്ളി– ഇതിന്റെ സ്ഥലം ആദ്യം വിട്ടു നൽകി. അതിന്റെ നഷ്ടപരിഹാരം ലഭിച്ചു. ഇപ്പോൾ ആറ് മാസം മുൻപേ പള്ളിയുടെ കെട്ടിടത്തിൽ കാൽ ഭാഗത്തിലധികം കയറ്റി അടയാളപ്പെടുത്തിയിട്ടു ്. (പഴയ അടയാളത്തിൽ നിന്ന് 3മീറ്റർ). ഇത് പള്ളി കമ്മിറ്റിയുമായി ആലോചിക്കാതെയാണ് ചെയ്തത്. ആദ്യം മാർക്ക് ചെയ്തത് പള്ളിക്ക് യാതൊരു കോട്ടവും പറ്റില്ല. ഇപ്പോൾ അടയാളപ്പെടുത്തിയതിലൂടെയാകുമ്പോൾ പള്ളി പൊളിയും.
5. നാസർ കുമ്പങ്ങോട് – പാലത്തിനു വേ ി സജീവമായി രംഗത്തു ായിരുന്ന വ്യക്തിയാണ്. ഇപ്പോൾ വികസന വിരോധി എന്ന ലേബൽ വീണു. എട്ട് വർഷത്തിനു ശേഷം പങ്കെടുക്കുന്ന ആദ്യ യോഗമാണിത്. പള്ളി കമ്മിറ്റി അംഗമാണ്. ഇപ്പോഴാണ് സ്ഥാപനം പോകുന്ന വിവരം അറിയുന്നത്. (ഉടമകളുടെ ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം മുന്നോട്ട് പോകണം അല്ലെങ്കിൽ ഇനിയും കാത്തിരിപ്പ് നീളാം)
6. അബ്ദുറഹ്മാൻ (വടക്കേ അപ്പമണ്ണ്)– പുതിയതായി ര ് സെന്റ് തൊട്ടുത്തുള്ള അബ്ദുറഹ്മാനിൽ നിന്നും വാങ്ങിയിരുന്നു. അതിന്റെ പൈസ കിട്ടിയിട്ടില്ല. ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കേ ി വരുന്ന വ്യക്തി ഞാനായിരിക്കും. ആദ്യം സ്ഥലം വിട്ടു നൽകി. നഷ്ടപരിഹാരം ലഭിച്ചു. ഉദ്യോഗസ്ഥരോ, കമ്മിറ്റിക്കാരോ സ്ഥലം ഏറ്റെടുക്കുന്നതിനെക്കുറിച്ച് സംസാരിച്ചിട്ടില്ല. പാലത്തിന് അംഗീകാരം വാങ്ങിയതിന് ശേഷമാണ് ഉടമകളെ അറിയിക്കുന്നത്. ആദ്യം അടയാളപ്പെടുത്തിയപ്പോൾ കോലായത്തിന്റെ സെന്ററിലാണ് അടയാളപ്പെടുത്തിയത്. വിട്ടു തരില്ല എന്ന് പറഞ്ഞപ്പോൾ ഒരു മീറ്റർ താഴെയാക്കി മുറ്റത്തായി. പിന്നെയും ഒരിക്കൽ ഒരു മീറ്റർ കൂടി താഴെയാക്കി. ഇപ്പോൾ ആറ് മാസത്തിൽ അടയാളപ്പെടുത്തിയപ്പോൾ ഒരു സെന്റ് കുറച്ച് കുറവാണ് എടുക്കേ ി വരിക. ഒരു മീറ്റർ സ്ഥലം വെറുതെ നൽകാൻ തയ്യാറായിരുന്നു. പോര എന്ന് പറഞ്ഞപ്പോൾ എതിർത്തു. മുന്നേ വീട് നഷ്ടപ്പെടുമായിരുന്നു. ഇപ്പോൾ അതില്ല. എത്രയാണ് നഷ്ടപരിഹാരമെന്ന് പറഞ്ഞിരുന്നില്ല. ഇപ്പോൾ വീടിന് ഒന്നും സംഭവിക്കില്ല. എന്നാൽ എതിർഭാഗത്തെ പള്ളിക്ക് കോട്ടം തട്ടും.

   സ്ഥലം വിട്ടുകൊടുക്കാൻ സമ്മതമറിയിക്കുന്നതിനു മുൻപേ, സെന്റിന് 50,000/ വച്ച് തരാമെന്ന് സമ്മതിച്ചിരുന്നു. ഇത് സ്വീകരിക്കാമെന്ന് ഉറപ്പുകൊടുത്താൽ 50,000/ തരും ഒപ്പിട്ട് കൊടുത്തില്ലെങ്കിൽ 30,000 രൂപ തരും എന്നും പറഞ്ഞു. 50,000 വാങ്ങി. ഒപ്പിട്ട് തന്നാൽ ഭാവിയിൽ കേസിന് പോകണമെങ്കിൽ എല്ലാ രേഖകളും തരാമെന്ന് പറഞ്ഞിരുന്നു. എന്റെ വീടിനാണ് ഏറ്റവും കൂടുതൽ പ്രയാസമു ാകുന്നത്. വീട്ടിലേക്ക് റോഡ് തരണം. വീടിന്റെ സൺഷേഡ് പോകും.
7. അബ്ദുള്ളക്കുട്ടി (റീ. സ. 25) നടമ്മൽ – എന്റെ സ്ഥലം കല്ലിട്ടിരുന്നു. ഞാൻ അറിയാതെയാണ് ചെയ്തത്. മൊത്തത്തിൽ അങ്ങനെ തന്നെ വിട്ടുകൊടുക്കാൻ തയ്യാറാണ്. നിബന്ധനകൾ അറിയിക്കണം. നഷ്ടപരിഹാരം ലഭ്യമാകണം.
8. സുബൈദ – 15 വർഷം മുൻപേ തന്നെ ആൾക്കാർ പലപ്പോഴായി വന്നിരുന്നു. എന്തിനാണെന്ന് അറിയുന്നില്ല. അബ്ദുൾ റഹ്മാൻ പറഞ്ഞ പോലെ വീടിന്റെ സ്റ്റെപ്പിന്റെ അടിയിലാണ് കുറ്റി അടിച്ചിരിക്കുന്നത്. പാലത്തിന് എത്ര ഉയരമാണെന്ന് പറയുന്നില്ല. ഇതുവരെ വിട്ട് നൽകിയിട്ടില്ല. പോലീസിനെക്കൊ ് പിടിപ്പിക്കുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തിയാണ് അളന്നത്. പുഴയോട് ചേർന്ന് കിടക്കുന്ന വീടാണ്. ഏറ്റവും പ്രയാസം എനിക്കായിരിക്കും. പാലം ഏത് രീതിയിലാണ് എന്നത് വ്യക്തമല്ല. സ്ഥലത്തിനു പകരമായി സ്ഥലം അനുവദിക്കണം. അവിടെ വീട് നിർമ്മിക്കാൻ ധനസഹായം നൽകണം.
9. ഫാത്തിമയ്ക്ക് വേ ി സഹോദൻ മുഹമ്മദ് – ഭൂമി നൽകാൻ സമ്മതിച്ചു. ആകെ പത്ത് സെന്റ് സ്ഥലമാണുള്ളത്. ഇതിൽ മൂന്ന് സെന്റോളം പോകും. നല്ല വിലകിട്ടുകയാണെങ്കിൽ നൽകാൻ തയ്യാറാണ്. 50,000 തരാമെന്ന് പറഞ്ഞിരുന്നു. പക്ഷേ കിട്ടിയില്ല. ഇരുഭാഗവും ഒരേ വിലയായി

രിക്കും നൽകുക എന്നും പറഞ്ഞിരുന്നു. പാലത്തിന്റെ രീതി എങ്ങനെ എന്നറിയില്ല. പള്ളി ഭാഗത്ത് നിന്നും പാലത്തിന്റെ അടിയിലൂടെ ഒരു റോഡ് അനുവദിക്കണം കാരണം അത്ര ഉയരത്തിലാണ് പാലം വരിക.

10. അബൂബക്കർ – പാലം വന്നാൽ ഞങ്ങൾ കുഴിയിലാകും. നഷ്ടപ്പെടുന്ന ഭൂമിക്ക് ന്യായമായ നഷ്ടപരിഹാരം ലഭിക്കണം. ഡ്രെയിനേജ് വേണം. അതിന് സ്ലാബ് പോലെ പാലം വേണം. അല്ലെങ്കിൽ മൊത്തം വെള്ളത്തിലാകും.
11. അബ്ദുള്ളക്കുട്ടി– ഓമശ്ശേരി ഭാഗത്ത് പുഴയുടെ തൊട്ടടുത്താണ് സ്ഥലം. പില്ലർ സ്ഥലത്തോട് ചേർന്നാകുമ്പോൾ പറമ്പിലേക്ക് വഴിയു ാകില്ല. എനിക്ക് പോക്ക് വരവിന് സംവിധാനം ഉ ാക്കിത്തരണം. ന്യായമായ നഷ്ടപരിഹാരം തരണം.
12. പാത്തുമ്മയ്ക്ക് വേ ി അബ്ദുൾ അസീസ് – സ്ഥലം വിട്ടു കൊടുത്തിരുന്നു. ധനസഹായം ലഭിച്ചു. വികസനം വേണം പുതിയ വില അംഗീകരിച്ചാൽ എനിക്കും അധികരിച്ച തുക വേണം.

ആദ്യ ഘട്ടത്തിൽ ഭൂമി വിട്ട് നൽകിയവർക്ക് അന്നത്തെ നിരക്കിൽ നഷ്ട പരിഹാരം നൽകിയിരുന്നു. ഇത് പുതുക്കുകയാണെങ്കിൽ ഇതേ നിരക്ക് എല്ലാവർക്കും കിട്ടണം. ആദ്യഘട്ടത്തിൽ ഭൂമി വിട്ടു നൽകപ്പെട്ടിരുന്നെങ്കിലും അന്ന് ആവശ്യമായതിന്റെ 25 ശതമാനം മാത്രമാണ്.

ചെറുപുഴയ്ക്ക് കുറുകെയായി കൊടുവള്ളി മുൻസിപ്പാലിറ്റിയെയും ഓമശ്ശേരി പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന നടമ്മൽക്കടവ് പാലത്തിന്റെ സമീപന റോഡ് നിർമ്മാണത്തിന് വേ ി സ്ഥലം ഏറ്റെടുക്കുന്നതിനായി ബന്ധപ്പെട്ട സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന്റെ ഭാഗമായി നടന്ന യോഗത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾക്കും പരാതികൾക്കുമുള്ള മറുപടി താഴെ കൊടുക്കുന്നു.

നേരത്തെ ഏറ്റെടുത്ത ഭൂമി റവന്യൂ അധികാരികൾ അടയാളപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ കല്ല് സ്ഥാപിച്ചിട്ടുള്ളത്. അബ്ദുൾ മജീദ്, നാസർ കെ, യൂസഫ് മുസലിയാർ, അബ്ദു റഹ്മാൻ, ഫാത്തിമ ഹുസൈൻ എന്നിവരുടെ ഭൂമി അതിർത്തി നിർണ്ണയിച്ച് തരികയും അതിൽ യൂസഫ് മുസലിയാർ, അബ്ദു റഹ്മാൻ, ഫാത്തിമ എന്നിവരുടെ സ്ഥലം നേരത്തെ ഏറ്റെടുത്ത് നഷ്ട പരിഹാരം നൽകിയതുമാണ്.

**<u>യൂസഫ് മുസലിയാർ</u>**

ഇയാളുടെ ഭൂമി നേരത്തെ ഏറ്റെടുത്ത ഭൂമിയിൽപെട്ടതാണ്. നഷ്ട പരിഹാരവും നൽകിയിട്ടു ്. നേരത്തെ ഏറ്റെടുത്ത ഭൂമി റവന്യൂ അധികാരികൾ അടയാളപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ കല്ല് സ്ഥാപിച്ചിട്ടുള്ളത്.

**<u>അബ്ദുൾ റസാഖ് തെക്കേനടമ്മൽ</u>**

പാലത്തിന്റെ വീതിയെ സംബന്ധിച്ച് പരാതിക്കാരൻ പറയുന്നത് ശരിയല്ല. നിലവിൽ പൊതുമരാമത്ത് മാനദണ്ഡപ്രകാരമാണ് പാലത്തിന്റെ വീതി കണക്കാക്കാൻ പറ്റുകയുള്ളൂ. കൂടാതെ 2018–19 വർഷങ്ങളിലെ മഹാപ്രളയം കാരണം നേരത്തെയുള്ള ഉയർന്ന ജലനിരപ്പിൽ വ്യതിയാനം സംഭവിക്കുകയും പുതിയ ഉയർന്ന ജലനിരപ്പിന്റെ അടിസ്ഥാനത്തിൽ പാലത്തിന്റെ ഉയരം ക്രമീകരിക്കേ തു ്.

പാലത്തിന്റെ ഉയരത്തിനനുസരിച്ച സംരക്ഷണ ഭിത്തികളുടെയും ഉയരം കൂടുകയും സമീപന റോഡ് നടമ്മൽപൊയിൽ ഭാഗത്ത് ഇപ്പോൾ പൊതുമരാമത്ത് ചെയ്ത് കൊ ിരിക്കുന്ന റോഡിൽ എത്തിപ്പെടുന്ന തരത്തിലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. പുതിയ സ്ഥമെടുപ്പ് നിത്തിനനുസരിച്ച് പരമാവധി വില ലഭിക്കാൻ ആവശ്യമായ നടപടികൾ എടുക്കുന്നതാണ്. കുടിവെള്ള സ്രോതസ്സിന്റെയും മരങ്ങളുടെയും വില നിയമാനുസൃതം നൽകുന്നതാണ്.

**<u>അബൂബക്കർ സിദ്ദിഖ്</u>**

നിലവിലെ പൊതുമരാമത്ത് വക റോഡിന്റെ ഘടനയനുസരിച്ച് സിദ്ദിഖിന്റെ സ്ഥലം എതിർ ഭാഗത്തുള്ളതിനേക്കാൾ കൂടുതൽ ഏറ്റെടുക്കേ ി വരും. കൂടാതെ ആ ഭാഗത്ത് ഒരു സർവ്വീസ് റോഡിനും കൂടി വീതി ആവശ്യമായി വരും. അതിനാലാണ് ആ ഭാഗത്ത് ഭൂമി കൂടുതൽ ആവശ്യമായി വരുന്നത്. പാലത്തിന്റെ ഉയരം ഇക്കഴിഞ്ഞ പ്രളയ കാലത്തെ അടിസ്ഥാനപ്പെടുത്തി കൂടുന്നതിനാൽ മറുഭാഗത്തെ ര ് വീടുകൾക്ക് പാലത്തിന് അടിഭാഗത്ത് കൂടി വഴി കൊടുക്കേ ി വരികയും ചെയ്യണം

**<u>വൈസ് പ്രസിഡ ് നിസ്ക്കാരപ്പള്ളി</u>**

നേരത്തെ റവന്യൂവകുപ്പ് ഏറ്റെടുത്ത് സബ്ഡിവിഷൻ ചെയ്ത സ്ഥലത്ത് പുതിയ കല്ല് സ്ഥാപിച്ചാണ് പള്ളിയുടെ ഉൾഭാഗത്ത മാർക്ക് ചെയ്തിരിക്കുന്നത്. ആദ്യം ഏറ്റെടുത്ത സ്ഥലത്തിൽ നിന്നും വ്യത്യാസം വന്നിട്ടു ാ എന്നത് റവന്യൂ അധികാരികളുമായി ചേർന്ന് രേഖകൾ പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതാണ്

**<u>നാസർ കുമ്പങ്ങോട്</u>**

പുഴയുടെ പുറമ്പോക്ക് കൃത്യമായി അളന്ന് തിട്ടപ്പെടുത്തിയാലെ ആ ഭാഗത്തെ ഭൂമിയുടെ യഥാർത്ഥ സ്ഥിതി അറിയാൻ കഴിയുകയുള്ളൂ.

**<u>അബ്ദുറഹ്മാൻ</u>**

പ്രസ്തുത വ്യക്തിയുടെ വീട് നഷ്ടപ്പെടാതെയാണ് അലൈൻമെന്റ് തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ പരാതിക്കാരന്റെ ആശങ്കയ്ക്ക് അടിസ്ഥാനമില്ല.

**<u>അബ്ദുള്ളക്കുട്ടി (റീ. സ. 25) നടമ്മൽ</u>**

2014 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിക്കും ചമയങ്ങൾക്കും നഷ്ട പരിഹാരം ലഭ്യമാക്കുന്നതാണ്.

**<u>സുബൈദ</u>**

പുഴയോടു ചേർന്ന വീടായതിനാൽ നേരത്തെ കണക്കാക്കിയതിൽ നിന്നും വീടിന് സംരക്ഷണം നൽകിക്കൊ ാണ് പുതിയ അലൈൻമെന്റ് തയ്യാറാക്കിയിരിക്കുന്നത്.

**<u>ഫാത്തിമക്ക് വേ ി സഹോദരൻ മുഹമ്മദ്</u>**

ഭൂമിയുടെ വില റവന്യൂ അധികാരികൾ 2014 ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ലഭ്യമാക്കുന്നതാണ്. പള്ളിയുടെ ഭാഗത്ത് പാലത്തിന്റെ അടിഭാഗത്ത് കൂടി എതിർ വശത്തുള്ള ര ് വീടുകൾക്ക് വഴി അനുവദിക്കുന്നതാണ്. ഡ്രൈനേജ് ആവശ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കുന്നതാണ്. നഷ്ടരപരിഹാരം നിലവിലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്നതായിരിക്കും.

**<u>ആഘാതങ്ങൾ</u>**

1. തൊഴിലുണ്ടാകുന്ന ആഘാതം

ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന ഭൂമി, മുന്നേ സൂചിപ്പിച്ചതുപോലെ ചെറുപുഴയ്ക്ക് ഇരുവശത്തുമായി നടമ്മൽപൊയിൽ, നടമ്മൽക്കടവ് എന്നീ ഭാഗങ്ങളിലാണല്ലോ. നിലവിൽ ഈ രണ്ട് ഭാഗത്തും, പുഴക്കര യിലേക്ക് റോഡ് പോലെ തോന്നിക്കുന്ന ഏകദേശം 5 മീറ്ററെങ്കിലും വീതിയുള്ള വഴിയുണ്ട്. ഇതിന്റെ വശങ്ങളിലുള്ള ഭൂമിയാണ് ഏറ്റെടുക്കാനുദ്ദ്േശിക്കുന്നത്. ഇത് നിലവിൽ താമസിച്ചു വരുന്ന വീട്ടു പറ മ്പിന്റെ ഭാഗമാണ്. അതിനാൽ തന്നെ ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തെ മാത്രം ആശ്രയിച്ച് ആരും തന്നെ തൊഴിലിൽ ഏർപ്പെടുന്നില്ല. അതിനാൽ തൊഴിലിന് ആഘാതം ഉണ്ടാകുന്നില്ല.

2. വരുമാനത്തിനുള്ള ആഘാതം

ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമി നടമ്മ്ൽപൊയിൽ ഭാഗത്തുള്ളത്, നടമ്മ്ൽ മുഹമ്മദ് കഞ്ഞിയുടെ ആറ് മക്കളുടെ പേരിലാണ്. നടമ്മൽപൊയിൽ- മാതോലത്ത് കടവ് റോഡിൽ, ലീഗ് ഹൗസ് മുക്കിൽ നിന്ന് പുഴയോരത്തേക്ക് പോകുന്ന ഏകദേശം 5 മീറ്റർ വീതിയുള്ള പഴയ ഒരു റോഡിന്റെ തെക്ക്-വടക്ക് ഭാഗ ത്തായിട്ടാണ് ഈ സ്ഥലം. ഇതിൽ തെക്ക് ഭാഗത്ത് 5 തെങ്ങുകളും 13 കവുങ്ങുകളും കൂടാതെ 5 അകിൽ, 2 തേക്ക്, മഹാഗണി വലുത് 1, ചെറുത് 1 ഇല വർങ്ങം 3, കാപ്പി, പുളി, പ്ലാവ്, മാവ്, ഈന്ത് എന്നിവ ഓരോന്ന് വീതവും 15 ഓളം വാഴകളുള്ള ഒരു വാഴക്കൂട്ടവും ഉണ്ട്. വടക്ക് ഭാഗത്ത് 6 തെങ്ങു കളും 14 കവുങ്ങുകളും ആണുള്ളത്. കൂടാതെ 4 പടുമരം, 2 മട്ടി, 3 തേക്ക്, 1 പ്ലാവ് എന്നിവയുമുണ്ട്. ഇവയിൽ നിന്ന് കാര്യമായ വരുമാനമൊന്നും ലഭിക്കുന്നില്ല. മാത്രവുമല്ല ഈ ഉടമകളെ സംബന്ധിച്ച്, ഇതിൽ നിന്ന് ലഭിക്കുന്ന തുച്ഛമായ വരുമാനം അത്ര സാരമുള്ളതല്ല. അതിനാൽ തന്നെ വരുമാനത്തിന് ആഘാതമുണ്ടാകുന്നില്ല.

അതുപോലെ നടമ്മൽക്കടവ് ഭാഗത്ത് പുഴയിലേക്കുള്ള റോഡിന്റെ ഇരുവശത്തുമായി നാല് പേരുടെ വീതം പറമ്പാണ്. ഇതിൽ തെക്ക് ഭാഗത്ത് രണ്ട് പറമ്പുകളിലായി 8 തെങ്ങുകളാണുള്ളത്. സിദ്ദിഖിന് 5 ഉം, സുൽഫിക്കറിന് 3 ഉം. അതുപോലെ വടക്ക് ഭാഗത്തുള്ള നാല് പറമ്പുകളിലായി 17 കവുങ്ങുകളും അൽപം വാഴകളുമാണുള്ളത്. യൂസഫ് മുസലിയാരുടെ പറമ്പിൽ 15 ഓളം വാഴകളും, അബ്ദുൾറ ഹ്മാന് 2 കവുങ്ങുകളും കുറച്ച് വാഴകളും, ഫാത്തിമയ്ക്ക് 2 തെങ്ങും ഒരു തേക്കുമാണുള്ളത്. ഈ ഭാഗത്ത് കൃത്യമായ വരുമാനം ലഭിക്കുന്നതായി ഒന്നുമില്ല. അതിനാൽ ഈ സ്ഥലം ഏറ്റെടുത്താൽ വരു മാന നഷ്ടം ഉണ്ടാകുന്നില്ല.

3. പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതം

നടമ്മൽക്കടവ് പാലത്തിന്റെ സമീപന റോഡുകൾക്കായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം ചെറുപുഴ യുടെ ഇരുവശത്തുമാണെങ്കിലും ഇവയെല്ലാം തോട്ടം വിഭാഗത്തിൽപ്പെടുന്നവയാണ്. പുഴയോരത്ത് കണ്ടൽച്ചെടി പോലുള്ളവ ഒന്നുമില്ല. അതുപോലെ തന്നെ പ്രത്യേക പരിഗണന അർഹിക്കുന്ന ആവാസ വ്യവസ്ഥകളോ ഇല്ല. അതിനാൽ തന്നെ ഈ ഭൂമി ഏറ്റെടുക്കൽ പരിസ്ഥിതിക്ക് ഒരു തരത്തി ലുള്ള ആഘാതവും ഉണ്ടാക്കുന്നില്ല. നടമ്മൽപൊയിൽ ഭാഗത്ത് പുഴയിലേക്ക് ഇറങ്ങുന്ന വഴിയുടെ തെക്ക് ഭാഗത്തുള്ള പറമ്പിൽ ഒരു പഴയ കിണറുണ്ട്. ഇത് ഒരു കുടിവെള്ള സ്രോതസ്സാണ്. ഇത് സംര ക്ഷിക്കപ്പെടണമെന്ന് ഉടമ ആഗ്രഹിക്കുന്നു.

4. പൊതു ഇടങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന ആഘാതം

ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്ത്, പുഴയുടെ പടിഞ്ഞാറ് ഭാഗത്ത് അൽപം പുറമ്പോക്ക് സ്ഥലമുണ്ട്. കൂടാതെ ഈ വശത്തിൽ, വടക്ക് ഭാഗത്ത്, ശ്രീമതി ഫാത്തിമയുടെ പറമ്പിനോട് ചേർന്ന് KSEB യുടെ ഒരു ട്രാൻസ്ഫോർമർ ഉണ്ട്. ഇത് മാറ്റി സ്ഥാപിക്കാവുന്നതേ ഉള്ളു. ഈ വശത്ത് തെക്ക് ഭാഗത്ത് പുഴ യോട് ചേർന്ന് നടമ്മൽക്കടവ് നിസ്ക്കാരപ്പള്ളി സ്ഥിതി ചെയ്യുന്നു. ആദ്യഘട്ടത്തിൽ പള്ളിയുടെ സ്ഥലം ഏറ്റെടുക്കുകയും നഷ്ടപരിഹാരം നൽകുകയും ചെയ്തിരുന്നു. തുടർന്ന് വീണ്ടും പള്ളിയുടെ അകത്ത് ഒന്നര മീറ്റർ ഉള്ളിൽ അടയാളം രേഖപ്പെടുത്തിയിട്ടുമുണ്ട്. ഈ നിസ്ക്കാരപള്ളിയെ ഈ ഭാഗത്തെ 85 ഓളം കുടുംബങ്ങൾ ആശ്രയിക്കുന്നതായും അറിയാൻ സാധിച്ചു.

5. നിലവിലുള്ള മറ്റ് നിർമ്മിതികൾക്കുണ്ടാകുന്ന ആഘാതം

പുഴയുടെ പടിഞ്ഞാറേ കരയിൽ റോഡിന്റെ തെക്ക് ഭാഗത്ത് ഏറ്റെടുക്കുന്ന സ്ഥലത്തിൽ ശ്രീ സിദ്ദി ഖിന്റെ ഏകദേശം 15 മീറ്റർ നീളത്തിലും 1.5 മീറ്റർ ഉയരത്തിലുമുള്ള മതിൽ, അതിനോട് ചേർന്നുള്ള ഗെയിറ്റ് എന്നിവയുണ്ട്. അതുപോലെ തന്നെ നേരെ എതിർ ഭാഗത്ത്(വടക്ക്) യൂസഫ് മുസലിയാരുടെ പറമ്പിലും 15 മീറ്ററോളം നീളത്തിൽ അര മീറ്റർ പൊക്കമുള്ള കരിങ്കൽ മതിലുണ്ട്. ഇവയൊക്കെ ഏറ്റെ ടുക്കപ്പെടുന്ന സ്ഥലത്ത് ഉൾപ്പെടുന്നതാണ്. ഈ മതിൽ പുനർ നിർമ്മിച്ച് കൊടുക്കുന്നതടക്കമുള്ള നട പടികൾ സ്വീകരിക്കാവുന്നതാണ്.

പൊതുവെ നോക്കുകയാണെങ്കിൽ, ഭൂമി വിട്ടു കൊടുക്കുന്നതിന് വിമുഖതയുള്ളവരല്ല ഇവിടെയുള്ള വർ. ഇടയ്ക്കിടെ മാറ്റി സ്ഥാപിക്കുന്ന അടയാളങ്ങൾ, ആദ്യഘട്ടത്തിൽ ഭൂമി ഏറ്റെടുത്ത് നഷ്ടപരി ഹാരം നൽകൽ., വീണ്ടും കുറ്റിയടിക്കുക, വീണ്ടും ആവർത്തിക്കുക എന്നത് ഉടമകളിൽ പ്രയാസവും അവ്യക്തതയും ഉണ്ടാക്കുന്നുണ്ട്. പാലം നിർമ്മാണത്തെക്കുറിച്ച് സാമൂഹ്യ പ്രവർത്തകർക്കും കക്ഷി രാഷ്ട്രീയ നേതൃത്വത്തിനും ധാരണയുണ്ടെങ്കിലും, സാധാരണക്കാർക്ക് ഇത് സംബന്ധിച്ച് ഒന്നുമറിയി ല്ല. അതിനാൽ തന്നെ ഈ പുതിയ പദ്ധതിയെക്കുറിച്ചും ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയെക്കുറിച്ചും വ്യക്തത വരുത്താവുന്നതാണ്. ഇവിടെ സമീപന റോഡുകൾക്കായി ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ തൊനിലിനോ, വരുമാനത്തിനോ, പൊതു ഇടങ്ങൾക്കോ, സ്ഥാപനങ്ങൾക്കോ, പരിസ്ഥിതിക്കോ ആഘാതം സംഭവിക്കുന്നില്ല എന്ന് വ്യക്തമാക്കുന്നു. ഭൂമ് ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകാവുന്നതാണ്.

25.01.2020

ചെയർമാൻ
സാമൂഹ്യ ആഘാത പഠന യൂണിറ്റ്
(കയ്റോസ്-കണ്ണൂർ)